പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1525 — 05-02-2019-ലെ മറുപടിയ്ക്ക്

# വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ. ബാബു** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വിള ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകർ അംഗമാകുന്നതിന് പദ്ധതി സംബന്ധിച്ച വിശദാംശം ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും, ക്യാമ്പയിനുകൾ നടത്തിയും മുഴുവൻ കർഷകരിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെല്ലിനും പച്ചക്കറികൾക്കും സുഗന്ധവിളകൾക്കുമുള്ള ഇൻഷ്വറൻസ് തുക വൻതോതിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കാലോചിതമായി വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നിലവിലെ വില നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ വിവിധ വിളകൾക്ക് കർഷകരുടെ യഥാർത്ഥ നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാരത്തുക നൽകി വരുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെല്ലിനും പച്ചക്കറികൾക്കും സുഗന്ധവിളകൾക്കുമുള്ള വർദ്ധിപ്പിച്ച ഇൻഷ്വറൻസ് തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| **ക്രമ നം.** | **വിള** | **ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്ന തുക** |
|---|---|---|
| 1 | കുരുമുളക് | 200/കൊടി |
| 2 | ഏലം | 60000/ha |
| 3 | ഇഞ്ചി | 80000/ha |
| 4 | മഞ്ഞൾ | 60000/ha |
| 5 | പച്ചക്കറി | |
| | പന്തൽ ഉള്ളത് | 40000/ha |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td></td><td>പന്തൽ ഇല്ലാത്തത്</td><td>25000/ha</td></tr>
<tr><td>6</td><td>ജാതി</td><td>3000/മരം</td></tr>
<tr><td>7</td><td>ഗ്രാമ്പൂ</td><td>1000/മരം</td></tr>
<tr><td>8</td><td>നെല്ല്</td><td>15000 (upto 45 days)<br>(35000/ha > 45 days)</td></tr>
</table>
</td></tr>
<tr><td>(സി)</td><td>ഏതെല്ലാം വിളകളെയാണ് പ്രസ്തുത പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളത്;<br>വെളിപ്പെടുത്താമോ;</td><td>(സി)</td><td>കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ, മാവ്.</td></tr>
<tr><td>(ഡി)</td><td>സംസ്ഥാനത്തെ മുഴുവൻ കർഷകരെയും വിള ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദാംശം ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും, ക്യാമ്പയിനുകൾ നടത്തിയും മുഴുവൻ കർഷകരിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ